(സി) ബഡ്ജറ്റിൽ പ്രസ്താവിച്ചിരുന്ന 400 കോടി രൂപ മുടക്കി 700 തടയണ പണിയാനുള്ള പദ്ധതിയിൽ 110.38 കോടി രൂപ വരുന്ന 190 തടയണകൾക്ക് ഭരണാനുമതി ലഭിച്ചു. ഇവയിൽ ഏഴെണ്ണം പൂർത്തീകരിക്കുകയും ഏഴെണ്ണം പുരോഗതിയിലും എട്ടെണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ബാക്കിയുള്ളവയുടെ സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടിക്രമങ്ങൾ എന്നിവ പുരോഗമിക്കുകയും ചെയ്യുന്നു.

(ഡി) ഏഴ് തടയണകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാർക്ക് പെയ്മെന്റ് നടത്താത്തതിനാൽ ചെലവൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ജല-പരിസ്ഥിതി സംരക്ഷണം

116 (4919) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല-പരിസ്ഥിതി സംരക്ഷണത്തിനും മഴവെള്ള സംഭരണത്തിനും വേണ്ടി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാക്കി ; എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നദികളുടെ സംരക്ഷണം , കയ്യേറ്റം തടയൽ, മണൽ വാരൽ നിയന്ത്രിക്കൽ, തീരസംരക്ഷണം, തോടുകളുടെ സംരക്ഷണവും കയ്യേറ്റം തടയലും, കുളങ്ങളുടെ സംരക്ഷണം, കുളം നികത്തൽ തടയൽ, വീടുകളിൽ മഴക്കുഴികൾ സ്ഥാപിക്കൽ എന്നിവവഴി മഴവെള്ള സംഭരണത്തിനും ജല-പരിസ്ഥിതി സംരക്ഷണത്തിനുമായി ഈ കാലയളവിൽ ഓരോ വർഷവും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും,അത്തരം പ്രവൃത്തികൾക്കായി നീക്കി വച്ച തുക , ചെലവാക്കിയ തുക, , ലഭിച്ച കേന്ദ്ര സഹായം , അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ കുളങ്ങളുടെ പുനരുദ്ധാരണം, നികത്തപ്പെട്ട കുളങ്ങളെ പുനരുദ്ധരിക്കൽ, കിണർനിറ, നീർത്തടാധിഷ്ഠിത ഗ്രാമവികസനം എന്നിവയ്ക്കായി ജലവിഭവ വകുപ്പും മറ്റുവകുപ്പുകളും സംയുക്തമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ മഴവെള്ളം പാഴാക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; ജലദൗർലഭ്യം നേരിടുന്ന ഇടങ്ങളിൽ മഴവെള്ളം

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടുത്താതെ സംഭരിച്ച് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ നടപടികൾ ഈ കാലയളവിൽ സ്വീകരിച്ചുവെന്നും ആയതിന് എത്ര ഉക ചെലവായെന്നും വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം

117 (4920) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സംസ്ഥാനത്ത് ഏത് വർഷമാണ് നടപ്പിലാക്കിയതെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് പറയാമോ ;

(സി) പദ്ധതിയിൽ ഉൾപ്പെട്ട കുളങ്ങളുടെ നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക നല്കാമോ ;

(ഡി) പദ്ധതി പ്രകാരമുള്ള കുളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഇ) ചേലക്കര നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയനുസരിച്ച് എം.എൽ.എ. ശുപാർശ ചെയ്ത കുളങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പണി പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവയുടെ നിർമ്മാണപണികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 47.00 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സർക്കാർ ഉത്തരവ് സാധാ നമ്പർ 318/2013/ഡബ്ല്യു. ആർ. ഡി. തീയതി 23-3-2013 പ്രകാരം 72.758 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിനെത്തുടർന്ന് 2013-14 കാലയളവു മുതൽ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly